കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മണന്നൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


കേരള സംസ്ഥാന ഓഡിറ്റ്
തിരുവനന്തപുരം ജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail: lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.7/496/2020

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം ജില്ല

തീയതി.04.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മണമ്പൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണമ്പൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തിരുവനന്തപുരം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.7/496/2020 തിയതി:04.05.2020

## തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം1- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31-03-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഷാജഹാൻ.എം<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.03.2020 മുതൽ<br>18.03.2020 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. സനിൽ എസ്. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| ശ്രീ. സുജേഷ് എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. അൻവർരാജ് എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ശരത് ജെ. ശങ്കർ | ഓഡിറ്റർ |

### നിർവഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.അമ്പിളി പ്രകാശ് | 01.04.2018 മുതൽ 31.03.2019 വരെ |
| | | |
| സെക്രട്ടറി | 1. ശ്രീ. എ.ഷാജഹാൻ<br>2. ശ്രീ.എസ് സലിംകുമാർ<br>3. സി.അജിത്കുമാർ | 01.4.2018മുതൽ 30.04.2018 വരെ<br>01-05-2018 മുതൽ 21.06.2018 വരെ<br>22.06.2018 മുതൽ 31.03.2019 വരെ |

<u>നിർവ്വഹണോദ്യോഗസ്ഥർ</u>

| നിർവഹണോദ്യോഗസ്ഥർ | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സലിംകുമാർ എസ്. | 01.4.2018 മുതൽ 31.03.2019 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി.ലക്ഷ്മി വി. | 01.04.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.അനിൽകുമാർ പി. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ശ്രീമതി. രശ്മി ആർ.ജെ. | 01.04.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | -ടി- | 01.04.2018 മുതൽ 31.03.2019വരെ |
| വെറ്റിനറി സർജൻ | ഡോ. അഭിലാഷ് ആർ. | 01.04.2018 മുതൽ 31.03.2019വരെ |
| വി.ഇ.ഒ. | ശ്രീമതി. രാജലക്ഷ്മി ബി. | 01.04.2018 മുതൽ 31.03.2019വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ബീന ജെ.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.മുബീന | 01.04.2018 മുതൽ 13.11.2018വരെ |
| | ശ്രീമതി. ബിനു | 13.11.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. ഉണ്ണികൃഷ്ണൻനായർ കെ. | 01.04.2018 മുതൽ 31.03.2019വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ഇന്ദു എസ്.വി. | 01.04.2018 മുതൽ 31.03.2019വരെ |

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം- 1<br>ഓഡിറ്റ് റിപ്പോർട്ട് | |
| | | |

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഫ്രണ്ട് ഓഫീസ് | 1-12 |
| 13 | ബജറ്റ് രൂപീകരണം - അപാകങ്ങൾ | 1-13 |
| 14 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ | 1-14 |
| 15 | റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽനികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു | 1-15 |
| 16 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-16 |
| 17 | വസ്തു നികുതി - രസീത് രേഖപ്പെടുത്തുന്നതിലെ അപാകങ്ങൾ | 1-17 |
| 18 | ഇളവിന് അർഹതയില്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് രേഖപ്പെടുത്തേണ്ടതാണ്. | 1-18 |
| 19 | വസ്തു നികുതി ഡിമാന്റ് രേഖപ്പെടുത്താതെ കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കുന്നു. | 1-19 |
| 20 | 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത | 1-20 |
| 21 | വസ്തു നികുതി മേഖലാ നിർണ്ണയത്തിലെ അപാകങ്ങൾ | 1-21 |
| 22 | വിമുക്ത ഭടന്മാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകൽ- രേഖകൾ സൂക്ഷിക്കേണ്ടതാണ് | 1-22 |
| 23 | നടപടിക്രമം പാലിക്കാതെ പൊളിച്ച് മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി നൽകി | 1-23 |
| 24 | കെട്ടിട നിർമ്മാണ പെർമിറ്റ് -ക്രമവൽക്കരണ ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ | 1-24 |
| 25 | പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയം നടത്തിയ കെട്ടിടനമ്പറുകളിൽ വാണിജ്യാവശ്യത്തിനുള്ള ലൈസൻസ് നൽകുന്നു | 1-25 |
| 26 | സഞ്ചയ സോഫ്റ്റ് വെയർ പ്യൂരിഫിക്കേഷൻ - ചട്ടങ്ങൾ പാലിക്കാതെ വസ്തുനികുതി നിർണ്ണയം നടത്തുന്നു. | 1-26 |

| | | |
|---|---|---|
| 27 | പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്ക് വരുത്തേണ്ടതാണ് | 1-27 |
| 28 | ടാറിംഗ്പ്രവർത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കേണ്ടതാണ് | 1-28 |
| 29 | സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾക്ക് ധനവിനിയോഗസാക്ഷ്യപത്രം കിട്ടിയില്ല, തുക തടസ്സപ്പെടുത്തുന്നു | 1-29 |
| 30 | അംഗനവാടികളിൽ വാട്ടർ പ്യൂരിഫയർ വാങ്ങൽ - അപാകങ്ങൾ | 1-30 |
| 31 | കമ്പ്യൂട്ടർ വാങ്ങൽ - അനുബന്ധ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. | 1-31 |
| 32 | ലൈഫ് ഭവനപദ്ധതി - ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ചില്ല. | 1-32 |
| 33 | എസ്. സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - നടപടിക്രമങ്ങളുടെ വിശദാംശം ലഭ്യമല്ല. | 1-33 |
| 34 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-34 |
| 35 | കിണർ റീചാർജ്ജിംഗ് - പദ്ധതി നിർവഹണം കാര്യക്ഷമമല്ല | 1-35 |
| 36 | തുല്യതാപരീക്ഷയ്ക്ക് ഫീസ് ഒടുക്കൽ - അനുബന്ധ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. | 1-36 |
| 37 | ഗവൺമെന്റ് ആയുർവേദ ആശുപത്രികളിൽ നിന്നും വിതരണം ചെയ്ത രസീതുകളിൽ അപാകങ്ങൾ | 1-37 |
| 38 | ഓഡിറ്റ് ഇംപാക്ട് | 1-38 |
| | ഭാഗം-2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം-3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം-4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 39 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 40 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 41 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 43 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 44 | സ്ഥിര നിക്ഷേപം | 4-6 |
| 45 | ഓഡിറ്റ് റിക്കവറി | 4-7 |
| 46 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 47 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| | | |

| | | |
|---|---|---|
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് – അനുബന്ധം 1 | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 27.03.2018ലെ1/1 ാംനമ്പർ തീരുമാനപ്രകാരം അഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 12-4-2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,48,22,737.00 |
| വരവ് | 9,10,04,300.00 |
| ആകെ | 10,58,27,037.00 |
| ചെലവ് | 8,10,79,568.00 |
| നീക്കിയിരിപ്പ് | 2,47,47,469.00 |

## 1-4 ഫണ്ട് വിനിയോഗം

| ഇനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 13244541 | 13244541 | 13244541 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 8791849 | 8791849 | 8791849 | 0 |
| മെയിന്റനൻസ് (റോഡ്) | 0 | 7817061 | 7817061 | 7817061 | 0 |
| മെയിന്റനൻസ് (നോൺ റോഡ്) | 0 | 3039159 | 3039159 | 3039159 | 0 |

| | | | | | |
|---|---|---|---|---|---|
| സി.എഫ്.സി | 0 | 6939447 | 6939447 | 6939447 | 0 |
| ട്രഷറി റ്റി.എസ്.ബി | 151782 | 15611182 | 15762964 | 9977881 | 5785083 |
| എം.എൻ.ആർ. ഇ.ജി.എസ് | 7365 | 487215 | 494580 | 467044* | 27536 |
| തനത് ഫണ്ട് (എസ്.ബി.ഐ) | 10972 | 16809199 | 16820171 | 16648052 | 172119 |
| തനത് ഫണ്ട്(ഡി.സി.ബി.) | 14616347 | 6473105 | 21089452 | 2403290 | 18686162 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 4132944 | 4132944 | 3852444 | 280500 |
| ജില്ലാപഞ്ചായത്ത് വിഹിതം | 0 | 3240489 | 3240489 | 3106689 | 133800 |
| ഡി.സി.ബി.സാക്ഷരത | 419 | 0 | 419 | 0 | 419 |
| ഡി.സി.ബി. ഡിസ്ട്രസ് റിലീഫ് ഫണ്ട് | 1865 | 0 | 1865 | 0 | 1865 |
| എസ്.ജി.ആർ.വൈ. | 1402 | 0 | 1402 | 0 | 1402 |
| ബി-ഫണ്ട് | 0 | 635880 | 635880 | 635880 | 0 |
| ആകെ | 14790152 | 87222071 | 189234294 | 76923337 | 25088886 |

* RP 16 പ്രകാരം എം.എൻ.ആർ.ഇ.ജി.എസ് ചെലവായി ബുക്ക് ചെയ്തിട്ടുള്ളത് 2,13,044/- രൂപയാണ്. പഞ്ചായത്ത് ഫണ്ടിൽ നിന്നും അഡ്വാൻസായി അനുവദിച്ചതിൽ റിക്കപ്പ് ചെയ്ത 2,54,000/- രൂപ Advance to Others (460509901) ഹെഡിൽ ചെലവ് വന്നിട്ടുണ്ട്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 14 | 7236550 | 14 | 5849755 | 1 | 0 | 80.84 |
| 2. | വെറ്ററിനറി സർജൻ | 7 | 3108300 | 7 | 2421800 | 0 | 0 | 77.91 |
| 3. | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | 2 | 1200000 | 2 | 1200000 | 0 | 0 | 100 |
| 4. | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം | 4 | 629700 | 4 | 628650 | 0 | 0 | 99.83 |
| 5 | വി.ഇ.ഒ | 17 | 59990000 | 13 | 30523382 | 0 | 4 | 70.88 |
| 6. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 4604380 | 9 | 3681609 | 0 | 2 | 79.96 |
| 7. | സെക്രട്ടറി | 21 | 9834979 | 15 | 5765406 | 0 | 6 | 58.62 |
| 8. | ഹെഡ്മാസ്റ്റർ | 5 | 1532750 | 4 | 893063 | 0 | 1 | 58.27 |
| 9. | അസി. എഞ്ചിനീയർ | 64 | 26894289 | 43 | 14775717 | 0 | 21 | 54.94 |
| 10. | ഡയറി ഫാം | 2 | 750000 | 2 | 687500 | 0 | 0 | 91.6 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ഇൻസ്ട്രക്ടർ | | | | | | | |
| 11. | അസി.സെക്രട്ടറി | 6 | 1938000 | 4 | 1416883 | 2 | 0 | 73.11 |
| | ആകെ | 153 | 117718948 | 117 | 67843765 | 3 | 34 | 57.63 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7365 | 487215 | 494580 | 467044 | 27536 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 21649829 | 21649829 | 21649829 | 0 |
| ആകെ | 7365 | 22137044 | 22144409 | 22116873 | 27536 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 395880 | 191 |
| കർഷകതൊഴിലാളി പെൻഷൻ | 2158800 | 571 |
| വിധവാപെൻഷൻ | 14309600 | 3375 |
| വാർദ്ധക്യകാലപെൻഷൻ | 22367600 | 5324 |
| വികലാംഗപെൻഷൻ | 4233100 | 985 |
| വിവാഹധനസഹായം | 240000 | 8 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 199200 | 51 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-03-2020-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28,619/- (ഇരുപത്തെട്ടായിരത്തി അറുനൂറ്റിപ്പത്തൊമ്പത് ) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടത് അനിവാര്യമാണ്.

1). തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾകണ്ടെത്തുന്നതിനും ചുമത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2). ഇ-ടെണ്ടർ നടപടികളിലൂടെ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി ഉണ്ടായിട്ടില്ല.

3). ആസ്തി രജിസ്റ്ററിൽ, സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ മൂല്യം രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

4). ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്.

5). അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.

6)വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കുന്ന പ്രോജക്റ്റുകളുടെ മേൽ ഭരണ സമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും സജീവ ഇടപെടൽ ഉണ്ടായിട്ടില്ല.

7). വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തുതല ആസൂത്രണ സമിതി , വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവ കാര്യക്ഷമമാക്കാൻ ചുമതലപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെട്ട പദ്ധതി ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

8). പദ്ധതികളുടെ പൊതുവായ അവലോകനം മിനുട്സിൽ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ ഓരോ പദ്ധതിയെക്കുറിച്ചും വെവ്വേറെ വിലയിരുത്തൽനടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്റ്റാൻറിംഗ് കമ്മിറ്റികൾ ശ്രദ്ധിച്ചിട്ടില്ല.

9). ഓഡിറ്റ് റിപ്പോർട്ടുകൾ സ്ഥിരം സമിതി അടിസ്ഥാനത്തിൽ ചർച്ച നടത്തുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല.

മേൽപ്പറഞ്ഞ അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07-01-2020 | 11/2019 മുതൽ 12/2019 | 13-01-2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19-03-2014 | 2008-09 മുതൽ 2012-13 വരെ | 27-05-2014 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2018-19 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് കെ.എസ്.എ.റ്റി.വി.എം./ജി.പി.7/1464/19 തീയതി 17-08-19 പ്രകാരം റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

# 1-12 ഫ്രണ്ട് ഓഫീസ്

ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്. എന്നാൽ ഏഴ് ദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗം അയച്ച് ഡെസ്പാച്ച് വിവരം ഡയറിയിലെ എട്ടാം കോളത്തിൽ രേഖപ്പെടുത്തി വരുന്നില്ല. പൗരാവകാശ രേഖ കാലാനുസൃതമായി പുതുക്കി പ്രസിദ്ധീകരിച്ചിട്ടില്ല. മോണിട്ടറിംഗ് സമിതി മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും യോഗം ചേരുകയും ഫ്രണ്ട് ഓഫീസ് അടക്കമുള്ള ഓഫീസ് പ്രവർത്തനം വിലയിരുത്തി ആവശ്യമായ ശുപാർശകൾ പഞ്ചായത്ത് ഭരണസമിതിക്ക് നൽകുന്നില്ല.

# 1-13 ബജറ്റ് രൂപീകരണം-അപാകങ്ങൾ

<u>a)നടപടിക്രമം പാലിച്ചിട്ടില്ല</u>

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 2017ഡിസംബർ 15-ന് മുൻപ് | 10.01.2018 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2018 ജനവരി 15-ന് മുൻപ് | 09.02.2018 |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2018 ജനവരി 25-ന് മുൻപ് | ഇല്ല |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | 2018 ഫെബ്രുവരി 1-ന് മുൻപ് | 09.02.2018 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2018ഫെബ്രുവരി 28-ന് മുൻപ് | 28.02.2018 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | 2018 മാർച്ച് 1-ന് മുൻപ് | 09.03.18 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2018 മാർച്ച് 7-ന് മുൻപ് | 14.03.18 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2018 മാർച്ച് 31-ന് മുൻപ് | 27.03.18 |

b)ബജറ്റിൽ ഉൾപ്പെടാത്ത ചെലവുകൾ നടത്തി

ബജറ്റിൽ ഉൾപ്പെടാത്ത ചെലവുകൾ നടത്തിയിട്ടുണ്ട്. ഉദാഹരണമായി

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട്. | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2501026 | Agriculture and related sectors – agriculture related facilities | - | 6,80,000/- |
| 2 | 2502001 | Soil and water conservation | - | 1,96,000/- |
| 3 | 2501045 | SSA & other educational program | - | 8,00,000/- |
| 4 | 2511007 | Sports | - | 1,02,530/- |
| 5 | 2511011 | Continuing education and non formal education | - | 48,050/- |

c)വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചു

ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചു.ഉദാഹരണമായി

| ക്രമ നം | ഹെഡ് ഓഫ് അക്കൌണ്ട്. | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2514202 | Anganavadi related | 3,66,000/- | 4,50,000/- |

| | | | | |
|---|---|---|---|---|
| | | services | | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/17.03,2020-ന് ലഭിച്ച മറുപടിയിൽ ഹെഡ് കോഡ് മാറിപ്പോയതിനാലാണ് മേൽ അപാകങ്ങൾ സംഭവിച്ചത് എന്നാണ് അറിയിട്ടിട്ടുള്ളത്.

പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് ബജറ്റ് തയ്യാറാക്കിയത്. നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

# 1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ

a)ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. 2017-18 വർഷത്തെ ട്രേഡേഴസ് ലിസ്റ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളെ 2018-19 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് നൽകിയിട്ടില്ല.

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 1/416 | ബി.സുദേവൻ | പ്രൊവിഷൻ സ്റ്റോർ |
| 2 | 1/473 | സുദർശൻ | ബേക്കറി |
| 3 | 1/30 | വിമലേശൻ | വെൽഡിംഗ് വർക്ക് ഷോപ്പ് |
| 4 | 1/317 | സുദേവൻ | സ്റ്റേഷനറി |
| 5 | 1/413 | സുലോചന | പ്രോവിഷൻ സ്റ്റോർ |
| 6 | 1/423 | വിനോദ് കുമാർ | സ്റ്റേഷനറി |
| 7 | 1/31 | വിമലേശൻ | ഫ്ലവർ മിൽ |
| 8 | 1/48,49 | ബിനു | ബി.എസ് ട്രേഡേഴ്സ് |
| 9 | II/9 | രാമചന്ദ്രൻ | പ്രോവിഷൻ സ്റ്റോർ |
| 10 | 11/28 | തൗഫീക്ക് | പലചരക്ക് വ്യാപാരം |
| 11 | II/341 | രാഗിണി | സ്റ്റേഷനറി |
| 12 | VIII/145 | സാബു | ബേക്കറി |
| 13 | VIII/510 | റാഹില | പച്ചക്കറി വ്യാപാരം |
| 14 | VIII/359 | നിഷാദ് | പാൽ വ്യാപാരം |
| 15 | VIII/51 | ഷംസുദ്ദീൻ | പ്രൊവിഷൻ സ്റ്റോർ |

b)ലൈസൻസ് ഇുക നിർണ്ണയ മാനദണ്ഡം അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഓ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം മൈക്രോ, മിനി, സ്മാൾ, മീഡിയം ,ലാർജ്ജ് എന്നിങ്ങനെ വിവിധ

തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/12.03.2020ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് പുതുക്കാത്ത 4 സ്ഥാപനങ്ങൾ 2019-20 ൽ പിഴപ്പലിശ സഹിതം തുക ഒടുക്കിയിട്ടുണ്ടെന്നും മറ്റ് സ്ഥാപനങ്ങൾ സ്ഥലപരിശോധന നടത്തിയതിൽ പ്രവർത്തിച്ചിരുന്നില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-15 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2018-19 വർഷത്തേയ്ക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചു നൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 03/10.03.2020ന് ലഭ്യമാക്കിയ മറുപടിൽ 3 റേഷൻകടകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

# 1-16 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2018-19 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ലഭ്യമാക്കിയ കരാറുകാരുടെ ലിസ്റ്റിലെ താഴെപ്പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | പേര് | വിലാസം |
|---|---|---|
| 1 | നഹാസ്. എ. | ബിസ്മില്ല, കുളമുട്ടം |
| 2 | ബാജി | വടക്കേ ബംഗ്ലാവ് , മണനാക്ക് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.02/10.03.2020ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-17 വസ്തു നികുതി - രസീത് രേഖപ്പെടുത്തുന്നതിലെ അപാകങ്ങൾ

a)റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു.

2018-19 വർഷം സാംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട.നം | പേര് | റദ്ദാക്കിയ സാംഖ്യ രസീത് നം/തീ | കാലയളവ് | തുക |
|---|---|---|---|---|---|
| 1 | IX/8 | ഫസിലുദ്ദീൻ | 1180102913/24.11.18 | 2018 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ | 328/- |
| 2 | IX/9 | ഫസിലുദ്ദീൻ | 1180102914/24.11.18 | 2018 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ | 328/- |
| 3 | IX/10 | ഫസിലുദ്ദീൻ | 1180102915/24.11.18 | 2018 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ | 328/- |

b)രസീത് ബുക്ക് പ്രകാരമുള്ള തുകയും സഞ്ചയയും പൊരുത്തപ്പെടുന്നില്ല

| വാർഡ് നം | കെട്ടിട നം | ഉടമസ്ഥന്റെ പേര് | രസീത് ബുക്ക് നം | രസീത് നം | തീയതി | രസീത് പ്രകരമുള്ള തുക | സഞ്ചയ രേഖപ്പെടുത്തൽ |
|---|---|---|---|---|---|---|---|
| 1 | 242 | രാജേഷ് (നിഷാഭവൻ, മണന്നൂർ പി.ഒ, 695611) | 9824 | 51 | 26/11/2018 | 191 | 382 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.09/11.03.2020 ന് ലഭിച്ച മറുപടിയിൽ ഐ.കെ.എം. സഹായത്തോടെ പ്രസ്തുത രസീതുകൾ പ്രകാരമുള്ള തുകകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യുന്നതിനും രസീതിലെ അപാകങ്ങൾ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-18 ഇളവിന് അർഹതയില്ലാത്ത കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് രേഖപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി ഇളവിന് അർഹതയുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ, നികുതി ഇളവിന്റെ മാനദണ്ഡം എന്നിവ കൃത്യമായും സഞ്ചയയിൽ രേഖപ്പെടുത്തുന്നില്ല. കൂടാതെ നികുതി ഇളവ് രേഖപ്പെടുത്താതെ തന്നെ വസ്തുനികുതി ഡിമാന്റ് ഒഴിവാക്കി നൽകിയിട്ടുമുണ്ട്. ഒരേ ഉടമസ്ഥരുടെ ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് രേഖപ്പെടുത്തുകയോ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. ഉദാഹരണമായി

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|

| | | |
|---|---|---|
| 1 | 1/63<br>1/64 | രാധ, പടിഞ്ഞാറ്റതിത് വീട, മണമ്പൂർ |
| 2 | 2/48<br>2/49 | അനിരുദ്ധൻ, എ.എസ് വില്ല, മണമ്പൂർ |
| 3 | 3/356<br>3/357 | ലിജി, ലിജി ഭവൻ മണമ്പൂർ |
| 4 | 5/533<br>5/539 | ചെല്ലമ്മ പൂവണം വീട്, മണമ്പൂർ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.09/10.03.2020 ന് ലഭിച്ച മറുപടിയിൽ സഞ്ചയ പ്യൂരിഫിക്കേഷൻ നടത്തി മേൽ പിഴവ് പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-19 വസ്തു നികുതി ഡിമാന്റ് രേഖപ്പെടുത്താതെ കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കുന്നു.

താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തു നികുതി ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഈടാക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട.നം | പേര് /വിലാസം | ഡിമാന്റ് രേഖപ്പെടുത്താത്ത കാലയളവ് | വസ്തു നികുതി ഇനത്തിൽ നാളിതുവരെ ഒടുക്കിയ തുക |
|---|---|---|---|---|
| 1 | 6/97 | ഫസലുദ്ദീൻ (ഫസിൽ മൻസിൽ, ചാത്തൻപറ,ചാത്തൻപറ, തോട്ടയ്ക്കാട് പി ഒ | 2012ഒന്നാം അർദ്ധവർഷം മുതൽ | 78/- |
| 2 | 10/509 | പ്രതിഭ.എസ്. (അമ്പാടി,കൊടിളുക്കികുന്ന്, കവലയൂർ പി. ഒ.) | 2012ഒന്നാം അർദ്ധവർഷം മുതൽ | 1,310/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.09/11.03.2020 ന് ലഭിച്ച മറുപടിയിൽ പ്യൂരിഫിക്കേഷൻ നടത്തി അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

# 1-20 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

a)സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം

സമർപ്പിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. ഉദാഹരണമായി

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 5/629 | അബ്ദുൾ കരീം, കുന്നും പുറത്ത് വീട്, തോട്ടയ്ക്കാട് |
| 2 | 10/195 | ഭാവന, കാവേരി നിവാസ്, |
| 3 | 10/255 | സെൽവരാജ്, രേവതി, കണ്ണംകര |
| 4 | 16/293 | പ്രസന്നകുമാരി, ചിറയത്ത് വീട് |
| 5 | 4/480 | പുഷ്പലത, പണയിത് വീട്, മണമ്പൂർ |
| 6 | 12/153 | ഷൈല, മലവിള പൊയ്ക, കുളമുട്ടം |
| 7 | 12//79 | ജയ, ജെ.എസ്. മന്ദിരം, മലവിള പൊയ്ക |
| 8 | 12/217 | സബീന, സനൂജ് മൻസിൽ, കുളമുട്ടം |
| 9 | 12/363 C | സജിമ, കാർത്തിക ഭവൻ, പെരുംകുളം |
| 10 | 10/40 A | ശ്രീജ, വിളയിൽ വീട് കവലയൂർ |

b)മുൻകാല പ്രാബല്യത്തിൽ നികുതി ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതലാണ് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയറിൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻകാല പ്രബല്യത്തിൽ നികുതി ഒഴിവാക്കിയിട്ടുണ്ട്. ഉദാഹരണമായി

| ക്രമ നം | വാർഡ്/ കെട്ടിട.നം | പേര് /വിലാസം | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 1 | 5/612 | സുലൈമാൻ, പാലവിള | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 2 | 04/20 | എസ് ഭാസ്കരൻ, യമുനാ മന്ദിരം | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 07/261 | അഷ്‌റഫ്, യൂസഫ് മൻസിൽ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 4 | 01/452 | ബിന്ദു , കുന്നുവിള വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 5 | 09/573 | ലതിക, ധന്യ ഭവൻ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 6 | 15/434 | രവീന്ദ്രൻ, മാളു ഭവൻ | 2013 രണ്ടാം അർദ്ധ വർഷം മുതൽ |
| 7 | 05/277 | ഓമന, മഞ്ജുവിലാസം | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 8 | 12/311 | ജമീർ ബീവി, കുന്നിൽ വീട് | 2013 ഒന്നാം അർദ്ധ വർഷം മുതൽ |

| | | | |
|---|---|---|---|
| 9 | 09/543 | ഷൈലജ, ആശാ ഭവൻ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 10 | 09/639 | ദേവദാസൻ, ദിവ്യാഭവൻ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |

c)ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണമായി.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം | നികുതി ഒഴിവാക്കിയ കാലയളവ് |
|---|---|---|---|
| 1 | 07/107 | ധന്യ ,അപ്പൂസ് മന്ദിരം | 2015 ഒന്നാം അർദ്ധ വർഷം മുതൽ |
| | 07/107 A | | 2019 ഒന്നാം അർദ്ധ വർഷം മുതൽ |
| 2 | 02/30 | ലളിത, വിളയിൽ വീട് | 2015 ഒന്നാം അർദ്ധ വർഷം മുതൽ |
| | 02/31 | | |
| | 02/32 | | |

d) 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തെ ഒഴിവാക്കി

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കാണ് നികുതി ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കി നൽകിയിട്ടുണ്ട്.ഉദാഹരണമായി

| ക്രമ നം | വാർഡ്/ കെട്ടിട.നം | പേര് /വിലാസം | വിസ്തീർണ്ണം | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|---|
| 1 | 10/236 | അനിത.കെ, ശ്രീ നിലയം | 64 ച.മീ | 2018 ഒന്നാം അർദ്ധ വർഷം മുതൽ |
| 2 | 10/247 A | പ്രശാന്തി, കാട്ടുവിള പുത്തൻ വീട് | 63 ച.മീ | 2018 ഒന്നാം അർദ്ധ വർഷം മുതൽ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 09/11.03.2020 ന് മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-21 വസ്തു നികുതി- മേഖലാ നിർണ്ണയത്തിലെ അപാകങ്ങൾ

1)മേഖല അടിസ്ഥാനത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്

2011ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

2)സമീപപ്രദേശത്തെ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല

ഗ്രാമപഞ്ചായത്തിലെ സമീപപ്രദേശത്തെ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നൽകി സഞ്ചയ പ്രകാരം വസ്തു നികുതി ഈടാക്കുന്നു. ഉദാഹരണമായി

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | 4/304 A | സൂര്യജിത്ത് | തൊട്ടിക്കല്ല്- ആദിയൂർ ക്ഷേത്രം | 1.5 മീറ്ററിൽ കൂടുതൽ | ത്രീതീയം |
| | 4/305 A | മണികണ്ഠൻ | തൊട്ടിക്കല്ല്- ആദിയൂർ ക്ഷേത്രം | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 2 | 2/135 B | രാഹുൽ | കുഴിവിള അങ്കൻവാടി-കണ്ണങ്കര റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 2/135 C | രാജു | കുഴിവിള അങ്കൻവാടി-കണ്ണങ്കര റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ത്രീതീയം |
| 3 | 3/83 A | കുളിർമ്മ | മണമ്പൂർ -സി.എച്ച്.സി റോഡ് | 5 മീറ്ററിൽ കൂടുതൽ | ത്രീതീയം |
| | 3/84 A | കമലാക്ഷി | മണമ്പൂർ -സി.എച്ച്.സി റോഡ് | 5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 09/11.03.2020 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്നും ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

# 1-22 വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകൽ -രേഖകൾ സൂക്ഷിക്കേണ്ടതാണ്

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ അപേക്ഷ സമർപ്പിക്കാത്ത താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| ക്രമ നം | വാർഡ് നം/ കെട്ടിട നം | പേര് , വിലാസം |
|---|---|---|
| | | |

| | | |
|---|---|---|
| 1 | 1/154 | ഭാരതിയമ്മ, കിഴക്കതിൽ വീട്, പാർത്തുകോണം |
| 2 | 8/228 | ആരിഫ ബീവി, സലിം മൻസിൽ, തൊട്ടിക്കല്ല് |
| 3 | 16/10 | നിർമ്മല, നവീനം , വർക്കല |
| 4 | 16/69 | പ്രസന്ന കുമാർ, ഐശ്വര്യം , പാർത്തുകോണം |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/11.03.2020 ന് ലഭിച്ച മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-23 നടപടി ക്രമം പാലിക്കാതെ പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി നൽകി

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടങ്ങൾ പൊളിച്ചു നീക്കി എന്ന കാരണത്താൽ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണമായി

| ക്രമ നം | ഫയൽ നം.തീ | കെട്ടിട നം | പേര് /വിലാസം | ഉപയോഗക്രമം | ഒഴിവാക്കിയ കാലയളവ് | ഒഴിവാക്കിയ നികുതി |
|---|---|---|---|---|---|---|
| 1 | 50228010013467/15.03.2019 | 09/800 a | തനുജ, ആർ.കെ വിഹാർ, പെരുങ്കുളം | 100 ച.മീ മുകളിലുള്ള വാണിജ്യകെട്ടിടം | 2013 ഒന്നാം അർദ്ധവർഷം മുതൽ | 2,60,020/- |
| 2 | A3/1020/14.03.2019 | 06/776 | പ്രിൻസ് പൃഥ്വി ഹൗസ്, ചാത്തമ്പറ | പാർപ്പിടം | 2013 ഒന്നാം അർദ്ധവർഷം മുതൽ | 7,392/- |
| 3 | A3/100/19/24.03.2019 | 04/731 | സത്യശീലൻ,പുത്തൻ വീട്, മണമ്പൂർ | പാർപ്പിടം | 2013 ഒന്നാം അർദ്ധവർഷം മുതൽ | 5,100/- |
| 4 | A3/100/26.03.2018 | 13/531 | ഷറഫുദ്ദീൻ , സജിൻ മൻസിൽ, കുളമുട്ടം | വ്യാവസായിക ഷെഡ് | 2013 ഒന്നാം അർദ്ധവർഷം മുതൽ | 6,588/- |
| 5 | A3/3559/17/16.03.2018 | 11/581 | റബീസാ ബീവി, റസീന മൻസിൽ,പെരുങ്കുളം | പാർപ്പിടം | 2013 ഒന്നാം അർദ്ധവർഷം മുതൽ | 6,888/- |
| 6 | A6/6834/17 /06.03.2018 | 11/571 | അർഷുദ്ദീൻ, അറഫ, പെരുങ്കുളം | പാർപ്പിടം | 2013 ഒന്നാം അർദ്ധവർഷം മുതൽ | 7,329/- |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം10/.11.03.2020 ന് ലഭിച്ച മറുപടിയിൽ സഞ്ചയയിൽ പ്രസ്തുത കെട്ടിടങ്ങൾ ഡ്യൂപ്ലിക്കേഷനായി രേഖപ്പെടുത്തിയതിനാലാണ് ഡെമോളിഷനിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. മേൽ മറുപടി അംഗീകരിക്കാവുന്നതല്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഒഴിവാക്കി നൽകിയതിന്റെ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-24 കെട്ടിട നിർമ്മാണ പെർമിറ്റ് ക്രമവത്കരണ ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 135 പ്രകാരം ക്രമവല്ക്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ ഒരു പുതിയ അപേക്ഷയുടെ കാര്യത്തിലെന്നപോലെ ആയിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയതിനാൽ അപേക്ഷയോടൊപ്പം പെർമിറ്റ് ഫീസും, പെർമിറ്റ് ഫീസിന്റെ ഇരട്ടിയായി രാജിയാക്കൽ ഫീസും ഈടാക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പെർമിറ്റ് കൂടാതെയുള്ള ക്രമവല്ക്കരണത്തിന് രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 11.11.2015-ലെ 229813/ആർ.ഡി.2/15/ത.സ്വ.ഭ.വ നമ്പർ കത്തിൽ മേൽ വിഷയം സംബന്ധിച്ച് സ്പഷ്ടീകരണം ലഭിച്ചിട്ടുള്ളതിനാൽ അപേക്ഷയോടൊപ്പം പെർമിറ്റ് ഫീസും, പെർമിറ്റ് ഫീസിന്റെ ഇരട്ടിയായി രാജിയാക്കൽ ഫീസും ഈടാക്കേണ്ടതുണ്ട്. പെർമിറ്റ് കൂടാതെയുള്ള ക്രമവല്ക്കരണത്തിന് പെർമിറ്റ് ഫീസും , പെർമിറ്റ് ഫീസിന്റെ ഇരട്ടിയായി രാജിയാക്കൽ ഫീസും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-25 പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയം നടത്തിയ കെട്ടിട നമ്പരുകളിൽ വാണിജ്യാവശ്യത്തിനുള്ള ലൈസൻസ് നൽകുന്നു.

ഗ്രാമപഞ്ചായത്തിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ പാർപ്പിടാവശ്യങ്ങൾക്ക് വസ്തു നികുതി കണക്കാക്കുന്ന താഴെപ്പറയുന്ന കെട്ടിട നമ്പരുകളിൽ വാണിജ്യാവശ്യത്തിന് ലൈസൻസ് നൽകിയിട്ടുണ്ട്.

| ക്രമ നം | വാർഡ്/ കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | ലൈസൻസ് ആവശ്യകത | സഞ്ചയയിലെ ഉപയോഗ ക്രമം |
|---|---|---|---|---|
| 1 | II/243 | സുരേന്ദ്രൻ | റൈസ് മിൽ | പാർപ്പിടം |
| 2 | V/40 | മുഹമ്മദ് ബഷീർ | ഫ്ലവർ മിൽ | പാർപ്പിടം |

കൂടാതെ സഞ്ചയയിൽ നിലവില്ലാത്ത കെട്ടിട നമ്പരിൽ വ്യാപാര സ്ഥാപനങ്ങൾക്ക് ഫാക്ടിയോസ് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഉദാഹരണമായി

| ക്രമ നം | കെട്ടിട നം | ലൈസൻസിനുള്ള അപേക്ഷകൻ | സ്ഥാപനം |
|---|---|---|---|
| 1 | IV/749 | തുളസീധരൻ ആശാരി | കാർപ്പെന്ററി വർക്ക്സ് |
| 2 | II/15 | ഹരിദാസ് | സ്റ്റേഷനറി ഷോപ്പ് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/11.03.2020ന് ലഭിച്ച മറുപടിയിൽ തെറ്റായ രേഖപ്പെടുത്തൽ മൂലമാണ് മേൽ അപാകങ്ങൾ സംഭവിച്ചത് എന്ന് ഫീൽഡ് പരിശോധനയിൽ ബോധ്യപ്പെട്ടു എന്നാണ് അറിയിച്ചിട്ടുള്ളത്. ലൈസൻസ് അപേക്ഷയിലും, വാടകക്കരാറിലും, അന്വേഷണ റിപ്പോർട്ടിലും

ഇത്തരത്തിൽ തെറ്റായ നമ്പർ രേഖപ്പെടുത്തി ലൈസൻസ് നൽകിയത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തെ പിഴവാണ്. ഭാവിയിൽ മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-26 സഞ്ചയ സോഫ്റ്റ് വെയർ പ്യൂരിഫിക്കേഷൻ- ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയം നടത്തുന്നു

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1),(2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി വിവരങ്ങളുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ സഞ്ചയസോഫ്റ്റ്വെയർ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സ്ഥലസന്ദർശം നടത്തി വസ്തു നികുതി കണക്കാക്കിയ ജീവനക്കാർ തയ്യാറാക്കിയ റിപ്പോർട്ട്, ഫാറം 6 ,രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ സഞ്ചയ സേഫ്റ്റ്വെയറിലെ വസ്തുനികുതി നിർണ്ണയത്തിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് റിക്വിസിഷൻ നമ്പർ.01/10.03.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വസ്തുനികുതി നിർണ്ണയം നടത്തേണ്ടതും ബന്ധപ്പെട്ട രേഖകളും രജിസ്റ്ററും കൃത്യമായും പരിപാലിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-27 പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്ക് വരുത്തേണ്ടതാണ്.

സർക്കാർ ഉത്തരവ് നം.07/2016/ഫിൻ 20.01.2016 പ്രകാരം 01.04.2013ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുമ്പോൾ ആനുപാതികമായ തുക പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 01.04.2013ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചപ്പോൾ ആനുപാതികമായ തുക പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 06/10.03.2020 ന് ലഭിച്ച മറുപടിയിൽ തുക ഒടുക്ക് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പെൻഷൻ കോൺട്രിബ്യൂഷൻ സമയബന്ധിതമായി ഒടുക്ക് വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 ടാറിംഗ് പ്രവർത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കേണ്ടതാണ്

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡി.ബി. 3/4620/12/സിഇ/തസ്വഭവ തീയതി 22-02-2018 പ്രകാരം, എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും നടപ്പാക്കുന്ന 25% ടാറിംഗ് പ്രവർത്തികളിലും ഷ്രെഡഡ് പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തി ടാറിംഗ് പ്രവൃത്തി നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ക്ലീൻ കേരള മിഷൻ മുഖേന ആവശ്യമായ ഷ്രെഡഡ് പ്ലാസ്റ്റിക് ലഭ്യമാകുന്നതെന്ന് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ

ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ ടാറിംഗ്പ്രവർത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചതായിക്കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം 13) മറുപടിയിൽ, 2018-19 വർഷത്തെ പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് ശേഷമാണ് മേൽപരാമർശ സർക്കുലർ ലഭിച്ചതെന്നും ആയതിനാൽ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല എന്നും, 2019-20 ലെ പദ്ധതികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് നിർമ്മാണം നടത്തിയിട്ടുണ്ടെന്നും മറുപടി നൽകി.

## 1-29 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾക്ക് ധന വിനിയോഗ സാക്ഷ്യപത്രം കിട്ടിയില്ല, തുക തടസ്സപ്പെടുത്തുന്നു.

2018-2019 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന പദ്ധതികൾക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതിനാൽ തുകകൾ തടസ്സപ്പെടുത്തുന്നു.

1.

| | |
|---|---|
| പ്രോജക്ട് | ഐ.കെ.എം.വിഹിതം |
| പ്രോജക്ട് നമ്പർ | 01/2019 |
| അടങ്കൽ തുക | 85,000/- രൂപ |
| ചെലവ് | 83,560/- രൂപ |
| ബിൽ നമ്പർ/ തീയതി | 09/20.06.2018 |

2.

| | |
|---|---|
| പ്രോജക്ട് | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കലും,<br>ഫൗണ്ടെൻ സ്ഥാപിക്കലും |
| പ്രോജക്ട് നമ്പർ | 38/2019 |
| ചെലവ് | 9,25,134/- രൂപ |
| അടങ്കൽ തുക | 11,000,00/- രൂപ |
| ബിൽ നമ്പർ/ തീയതി | 26/16.11.2018 & 39/22.03.2019 |

## 1-30 അംഗനവാടികളിൽ വാട്ടർ പ്യൂരിഫയർ വാങ്ങൽ - അപാകങ്ങൾ

പ്രോജക്ട് നം - SO087/19

പ്രോജക്ടിന്റെ പേര് - അംഗനവാടികളിൽ വാട്ടർ പ്യൂരിഫയർ

നിർവഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ - 2,30,000/-(മെ.റോഡിതരം)

ചെലവ് - 1,80,090/-

ഗ്രാമപഞ്ചായത്തിലെ 23 അംഗനവാടികളിൽ വാട്ടർ പ്യൂരിഫൈയർ വാങ്ങി വിതരണം ചെയ്യുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ 20.07.2018 ലെ ICDS-A2/25(1)/2018 നമ്പർ ദർഘാസ് പരസ്യം പ്രകാരം ISO സർട്ടിഫിക്കേഷനോട് കൂടിയ വാട്ടർ പ്യൂരിഫൈയർ സപ്ലൈ ചെയ്യുന്നതിനാണ് സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. അതിൻ പ്രകാരം ISO സർട്ടിഫിക്കേഷനോട് കൂടിയ വാട്ടർ പ്യൂരിഫൈയർ സപ്ലൈ ചെയ്യുന്നതിന് താഴെപ്പറയുന്ന നാല് സ്ഥാപനങ്ങളാണ് ടെൻഡർ സമർപ്പിച്ചിട്ടുള്ളത്.

| ക്രമ നം | സ്ഥാപനം | സ്പെസിഫിക്കേഷൻ | തുക |
|---|---|---|---|
| 1 | മെഡിയോ | UF+UV-7 litre | 7,830/- |
| 2 | ആക്സിയം അക്വാ സോലൂഷൻ | UF+UV- 14 litre | 7,399/- |
| 3 | ട്രൈടെക്ക് ട്രേഡേഴ്സ് | Non electric +UF -8 litre | 6,400/- |
| 4 | എ.പി എന്റർപ്രൈസസ് | UF+ UV+ 8litre | 10,000/- |

എന്നാൽ "ISI " സർട്ടിഫിക്കേഷൻ ഇല്ല എന്ന കാരണത്താൽ കുറഞ്ഞ തുകകൾ ക്വാട്ട് ചെയ്ത സ്ഥാപനങ്ങളുടെ ടെൻഡർ നിരസിക്കുകയും മെഡിയോ എന്ന സ്ഥാപനത്തിന് ടെൻഡർ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ദർഘാസ് പരസ്യത്തിൽ ISI സർട്ടിഫിക്കേഷനോടുകൂടിയ വാട്ടർ പ്യൂരിഫൈയർ സപ്ലൈ ചെയ്യണമെന്ന് നിർദ്ദേശിക്കാതെയാണ് സമർപ്പിച്ച ടെൻഡറുകൾ നിരസിച്ചത്. കൂടാതെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ ടെൻഡർ നിരസിക്കാനുണ്ടായ കാരണം വ്യക്തമാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.15/16.03.2020-ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് ജനറൽ കമ്മിറ്റി തീരുമാന പ്രകാരമാണ് ടെൻഡർ നിരസിച്ചതെന്നാണ് അറിയിച്ചിട്ടുള്ളത്. സാധനങ്ങൾ വാങ്ങുമ്പോൾ ആവശ്യകത നിർണ്ണയം കൃത്യമായും നടത്തേണ്ടതും ദർഘാസ് പരസ്യത്തിൽ പ്രസ്തുത വിഷയം കൃത്യമായും രേഖപ്പെടുത്തേണ്ടതുമാണ്. പ്രോക്യൂർമെന്റ് കമ്മിറ്റിയിൽ മേൽ വിഷയങ്ങൾ പരിശോധിച്ച് ഉറപ്പാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-31 കമ്പ്യൂട്ടർ വാങ്ങൽ- അനുബന്ധ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വി.ഇ.ഓ ഓഫീസ് കമ്പ്യൂട്ടറും |

| | |
|---|---|
| | അനുബന്ധ ഉപകരണങ്ങളും |
| പ്രോജക്ട് നമ്പർ | SO113/18-19 |
| അടങ്കൽ | 40,000/- |
| ചെലവ് | 38,000/- |
| ബിൽ നമ്പർ | 68/18-19<br><br>23-03-2019 |
| നിർവ്വഹണം | വി.ഇ.ഓ. |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ Ms/ E4E Essentials എന്ന സ്ഥാപനത്തിൽ നിന്നും 38,000/- രൂപ ചെലവഴിച്ച് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. എന്നാൽ ക്ഷണിച്ച ക്വട്ടേഷൻ, ലഭിച്ച ക്വട്ടേഷനുകൾ, സെലക്ഷൻ നോട്ടീസ്, ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റി തീരുമാനം, സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ നമ്പർ 16/16-03-2020) ഓഫീസ് ഷിഫ്റ്റിംഗ് വേളയിൽ പ്രസ്തുത രേഖകൾ നഷ്ടപ്പെട്ടു പോയതാണെന്ന് നിർവ്വണോദ്യോഗസ്ഥൻ വിശദീകരിക്കുന്നു. പ്രസ്തുത വിശദീകരണം പരിഗണനാർഹമല്ല. രേഖകൾ കണ്ടെത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

# 1-32 ലൈഫ് ഭവന പദ്ധതി- ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) |
| പ്രോജക്ട് നമ്പർ | 112/18-19 |
| അടങ്കൽ | 1,16,00,000/- |
| ചെലവ് | 65,69,307/- |
| ബിൽ നമ്പർ | 06/19-07-2018 |
| നിർവ്വഹണം | വി.ഇ.ഓ. |

പ്രോജക്ടിന്റെയും അനുബന്ധ രേഖകളുടെയും പരിശോധനയിൽ ശ്രീമതി.അമ്മിണി, ചരുവിള പുത്തൻവീട്, മണമ്പൂർ എന്ന ഗുണഭോക്താവ് 40,000/- രൂപ ആദ്യഗഡു കൈപ്പറ്റിയശേഷം തുടർപ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/16-03-2020) സമീപ പ്രദേശത്തെ വസ്തു ഉടമയുമായി തർക്കത്തിൽ ആയിരുന്നതിനാലാണ് ഭവന നിർമ്മാണം തുടർന്നു നടത്താതിരുന്നതെന്നും നിലവിൽ പണി ആരംഭിച്ചുവെന്നും മറുപടി നൽകി. പ്രോജക്ട് സമയബന്ധിതമായി പൂർത്തിയാകുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതും തുടർന്നും നിർമ്മാണം ആംഭിക്കാത്ത പക്ഷം ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-33 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്-

# നടപടിക്രമങ്ങളുടെ വിശദാംശം ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 35/18-19 |
| പ്രോജക്ടിന്റെ പേര് | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് |
| അടങ്കൽ | 4,80,000/- |
| ചെലവ് | 4,64,000/- |
| ബിൽ നമ്പർ | 03/18-19<br>12-03-2019 |
| നിർവഹണം | ഹെഡ്മാസ്റ്റർ |

എസ്.സി വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് വിദ്യാഭ്യാസത്തിലൂന്നിയ പ്രവർത്തനങ്ങൾക്ക് സഹായകമാകുന്ന തരത്തിൽ 16 ലാപ്ടോപ്പ് നൽകുന്നതിനാണ് 4,80,000/- രൂപ അടങ്കൽ കണക്കാക്കിപ്രോജക്ട് തയ്യാറാക്കിയത്. ഇതിലേക്കായി 20-07-2018 ൽ ടെണ്ടർ ക്ഷണിച്ചതിൽ Ms/- ഹൈപ്പർടെക് സിസ്റ്റംസ്, കൊല്ലം എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും (08-08-2018 ലെ 1(7) നമ്പർ തീരുമാനം) 31-10-2018 ൽ നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കേണ്ടതാണെന്നാവശ്യപ്പെട്ട് നിർവ്വഹണോദ്യോഗസ്ഥൻ സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തു. ഇതിന് Ms/- ഹൈപ്പർടെക് സിസ്റ്റംസ് നിലവിൽ സ്റ്റോക്ക് ഇല്ലാത്തതിനാലും വില വർദ്ധിച്ചതിനാലും തങ്ങൾ ക്വോട്ട് ചെയ്ത നിരക്കിൽ ലാപ്ടോപ്പ് നൽകാൻ സാധിക്കില്ലെന്ന് അറിയിച്ചു.

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ Ms/- Aierosoft, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും 16 ലാപ്ടോപ്പുകൾ വാങ്ങി തുക കൈമാറിയിട്ടുള്ളതായി കാണുന്നു. എന്നാൽ സ്ഥാപനവുമായി ചമച്ച കരാർ, വാറന്റി കാർഡ് എന്നിവയൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 22/17-03-2020) കാലതാമസം ഒഴിവാക്കാൻ 29-11-2018 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിർവ്വഹണ നടപടികളിലേക്ക് കടന്നതായും വാറന്റി കാർഡ് വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ടെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിരിക്കുന്നു. വാങ്ങൽ നടപടിക്രമങ്ങൾ സംബന്ധിച്ച് സ്റ്റോർ പർച്ചേസ് മാന്വലിലേയും പ്രൊക്വയർമെന്റ് മാന്വലിലേയും നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ച് മാത്രം വരും വർഷങ്ങളിൽ സമാനമായ പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതാണ്. മേൽ പറഞ്ഞ ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്.

# 1-34 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | | |
|---|---|---|
| 1 | തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 524 |
| 2 | മേൽപ്പറഞ്ഞ കുടുംബങ്ങളിൽ നിന്ന് രജിസ്റ്റർ ചെയ്ത അംഗങ്ങൾ | 2204 |
| 3 | തൊഴിലിനായി അപേക്ഷിച്ചവരുടെ എണ്ണം | 1209 |
| | | |

| | | |
|---|---|---|
| 4 | തൊഴിൽ ലഭ്യമായവരുടെ എണ്ണം | 1209 |
| 5 | ആകെ തൊഴിൽ ദിനം | 76955 |
| 6 | ആക്ഷൻപ്ലാൻപ്രകാരം വകയിരുത്തിയ തുക | 3,34,15,000/- |
| 7 | ആക്ഷൻ പ്ലാൻ പ്രകാരം ചെലവഴിച്ച തുക | 2,20,98,044/- |
| 8 | 100 തൊഴിൽദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 414 |

# 1-35 കിണർ റീചാർജ്ജിംഗ്- പ്രോജക്ട് നിർവ്വഹണം കാര്യക്ഷമമല്ല

| പ്രോജക്ടിന്റെ പേര് | കിണർ റീചാർജ്ജിംഗ് (എസ്.സി) | കിണർ റീചാർജ്ജിംഗ് (ജനറൽ) |
|---|---|---|
| പ്രോജക്റ്റ് നമ്പർ | S0121/18-19 | S0117/19 |
| അടങ്കൽ | 4,00,000/- | 12,00,000/- |
| ചെലവ് | 16,000/- | 2,00,000/- |
| നിർവ്വഹണം | കൃഷി ഓഫീസർ | |

ഗുണഭോക്താവ് നേരിട്ട് നിർവ്വഹണം നടത്തുന്ന രീതിയിലാണ് പ്രോജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്. എസ്.സി. പ്രോജക്ടിൽ ഫിൽറ്റർ മീഡിയം ഉൾപ്പെടെ 8,000/- രൂപ യൂണിറ്റ് കോസ്റ്റ്, സബ്സിഡി തുക 8,000/- എന്ന രീതിയിലും ജനറൽ പ്രോജക്ടിന് ഫിൽറ്റർ മീഡിയം ഉൾപ്പെടെ 8,000/- രൂപ യൂണിറ്റ് കോസ്റ്റ്, സബ്സിഡി തുക 7,200/- എന്നിങ്ങനെയുമാണ് പ്രോജക്റ്റ് അടങ്കൽ കണക്കായിരുന്നത്. എസ്.സി പ്രോജക്റ്റ് 50 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനും ജനറൽ പ്രോജക്റ്റ് 150 ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകുന്നതിനുള്ളതുമാണ്. ഇതിലേക്കായി മതിയായ എണ്ണം ഗുണഭോക്താക്കളുടെ ലിസ്റ്റ്ഗ്രാമപഞ്ചായത്ത് നിർവ്വഹണോദ്യോസ്ഥയ്ക്ക് കൈമാറിയിട്ടുമുണ്ട്. എന്നാൽ അടങ്കൽ തുകയുടെ യഥാക്രമം 4%, 16.7% എന്നിങ്ങനെയാണ് പ്രോജക്ടിന് ചെലവ് വന്നിട്ടുള്ളത്. പദ്ധതി ചെലവ് ഇത്രമാത്രം പരിമിതപ്പെട്ടുപോകുവാനുള്ള കാരണം വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/16-03-2019)കൃഷി ഓഫീസർ ലഭ്യമാക്കിയിരിക്കുന്ന മറുപടിയിൽ പ്രസ്തുത പ്രോജക്ടിനെ കിണർ മെയിന്റനൻസ് എന്ന് ഗുണഭോക്താക്കൾ തെറ്റിദ്ധരിച്ചതാണ് ഇപ്രകാരം പദ്ധതിചെലവ് പരിമിതപ്പെട്ട് പോകാനുള്ള കാരണമെന്ന് വിശദീകരിക്കുന്നു. പ്രോജക്ടിന്റെ നിർവ്വഹണവും തുടർപ്രവർത്തനങ്ങളും വർക്കിംഗ് ഗ്രൂപ്പ് നിരീക്ഷിക്കുകയോ വിലയിരുത്തുകയോ ചെയ്തിട്ടില്ല. പ്രോജക്റ്റ് രൂപീകരണ ഫോറത്തിൽ (ഫോറം നം 3) പ്രോജക്ടിന്റെ മോണിട്ടറിംഗ് കൃഷിയും അനുബന്ധ മേഖലയും വർക്കിംഗ് ഗ്രൂപ്പ് നടത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും മോണിട്ടറിംഗ് നടത്തിയിട്ടില്ല.

പ്രോജക്റ്റ് രൂപീകരണ വേളയിൽതന്നെ നിർവ്വഹണ രീതി സംബന്ധിച്ച് വ്യക്തത വരുത്താത്തതും വ്യാപകമായ പ്രചാരണം ഇല്ലാതിരുന്നതുമാണ് ഇപ്രകാരം പദ്ധതിച്ചെലവ് ശുഷ്കമായി പോകുവാനുള്ള കാരണം. വരും വർഷങ്ങളിൽ മേൽ അപാകത ഒഴിവാക്കി പ്രോജക്റ്റ് നിർവ്വഹണം നടത്തുവാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

# 1-36 തുല്യത പരീക്ഷയ്ക്ക് ഫീസ് ഒടുക്കൽ അനുബന്ധ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 33/18-19 |
| പ്രോജക്ടിന്റെ പേര് | സാക്ഷരത തുല്യത പരീക്ഷ |
| അടങ്കൽ | 50,000/- |
| ചെലവ് | 48,050/- |
| ബിൽ നമ്പർ | 02/18-19<br>23-01-2019 |
| നിർവഹണം | ഹെഡ്മാസ്റ്റർ |

പത്താം ക്ലാസ്, ഹയർസെക്കണ്ടറി ക്ലാസുകൾക്ക് തുല്യത പരീക്ഷ, പഠിതാക്കൾക്ക് പഠനോപകരണം, ഇൻസ്ട്രക്ടർമാരുടെ രജിസ്ട്രേഷൻ എന്നിവയ്ക്കായി 50,000/- രൂപ അടങ്കൽ കണക്കാക്കിയാണ് പ്രോജക്ട് തയ്യാറാക്കിയിരുന്നത്. 16 ഗുണഭോക്താക്കൾക്ക് എസ്.എസ്.എൽ.സി തുല്യത പരീക്ഷയ്ക്കും 26 ഗുണഭോക്താക്കൾക്ക് ഹയർസെക്കണ്ടറി തുല്യത പരീക്ഷയ്ക്കും യഥാക്രമം 13850, 34200 എന്നിങ്ങനെ ആകെ 48,050/- രൂപ രജിസ്ട്രേൻ ഫീസിനത്തിൽ ലിറ്ററസി മിഷനിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ അപേക്ഷകരുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഹാൾടിക്കറ്റ് തുടങ്ങിയ അനുബന്ധ രേഖകളൊന്നും ഫയിലിൽ സൂക്ഷിച്ചിട്ടില്ല. പ്രോജക്ടിന്റെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും ഫയലിൽ ലഭ്യമല്ല. ഇക്കാരണത്താൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചോയെന്ന് ഓഡിറ്റിൽ വിലയിരുത്താനാകുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21/17-03-2020) രജിസ്ട്രേഷൻ രേഖകൾ ആവശ്യപ്പെട്ട് പ്രേരകിന് കത്ത് നൽകിയിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. അനുബന്ധ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മേൽ പറഞ്ഞ ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്.

# 1-37 ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ നിന്നും വിതരണം ചെയ്ത രസീതുകളിൽ അപാകതകൾ

വിവിധ പദ്ധതികൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ആയുർവേദ മെഡിക്കൽ ഓഫീസർ ഉപയോഗിക്കുന്ന രസീത് പുസ്തകങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.

തുക പിരിച്ചെടുക്കുമ്പോൾ നൽകുന്ന രസീതുകളിൽ തീയതി രേഖപ്പെടുത്തുന്നില്ല. ജി.ഒ.(എം.എസ്.)83/11/ ത.സ്വ.ഭ.വ തീയതി 28.03.2011 അധ്യായം 8 ചട്ടം 83 പ്രകാരമുള്ള നിബന്ധനകൾ പാലിക്കാതെയാണ് മെഡിക്കൽ ഓഫീസർ രസീതുകൾ കൈകാര്യം ചെയ്തത്. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 24/2000 തീയതി 16.03.2020 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. യോഗ രജിസ്ട്രേഷൻ ഫീസ് പിരിച്ചതുമായി ബന്ധപ്പെട്ട വരവുകളുടെ കൃത്യത പരിശോധിക്കുന്നതിന് കഴിയുന്നില്ല.

രസീതുകൾ നമ്പർ രേഖപ്പെടുത്തി ക്രമപ്രകാരം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. രസീതുകളിൽ തീയതി, സ്ഥലം എന്നിവ രേഖപ്പെടുത്തുന്നില്ല. രസീത് പുസ്തകങ്ങൾക്കു നമ്പരില്ല. കേരള പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങൾ

പ്രകാരമുള്ള വ്യവസ്ഥകൾ കർശനമായും പാലിച്ച് മെഡിക്കൽ ഓഫീസർ രസീത് ബുക്കുകൾ പരിപാലിക്കേണ്ടതാണ്.

# 1-38 ഓഡിറ്റ് ഇംപാക്ട്

1)അധികം നൽകിയ സ്കോളർഷിപ്പ് തുക – തിരികെ ഒടുക്കി

പ്രോജക്ട് നം - SO014/19

പ്രോജക്ടിന്റെ പേര് - സ്നേഹസ്പർശം-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്

നിർവഹണം - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അടങ്കൽ - 7,41,000/- 3,70,500/- (വി.ഫ), 18,250/-(ബ്ലോ.പ.വി)

18,250/-(ജി.പ.വി)

ചെലവ് - 7,41,000/-

മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബത്ത അനുവദിക്കുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് താഴെപ്പറയും വിധം പരമാവധി സ്കോളർഷിപ്പ് ബത്തയായി 28,500/- രൂപ അനുവദിക്കാവുന്നതാണ്.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | സ്കോളർഷിപ്പ്(പ്രതിമാസം) | 1000/-<br>(ആകെ 12000/-) |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത(വാർഷികം) | 1500/- |
| 3 | പഠന സഹായി /വിദ്യാഭ്യാസ സാമഗ്രികൾ(വാർഷികം) | 2000/- |
| 4 | ഡേ സ്കോളാർക്ക് യാത്രാബത്ത(പ്രതിമാസം) | 1000/-<br>(ആകെ 12000/-) |
| 5 | ഉല്ലാസ യാത്ര ചെലവുകൾ, പഠനപര്യടനം മുതലായവയ്ക്ക് | 1000/- |

എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് അധികം തുക അനുവദിച്ചു നൽകിയിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | അധികം നൽകിയ തുക |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 1 | വൈഷ്ണവി രാജ് | 28,500/- | 46,375/- | 17,875/- |
| 2 | തേജസ് ദീപ് | 28,500/- | 45,875/- | 17,375/- |
| 3 | അഭിദിത്ത് | 28,500/- | 43,625/- | 15,125/- |
| | | | ആകെ | 50,375/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.15/16.03.2020-ന്റെ അടിസ്ഥാനത്തിൽ മേൽ ഗുണഭോക്താക്കൾക്ക് അധികം തുകയായ 50,375/- രൂപ സർക്കാരിലേയ്ക്ക് തിരികെ ഒടുക്കിയിട്ടുണ്ട്. (ട്രഷറി ചെലാൻ നം.KL016297230201920M തീ.17.03.2020 )

<u>2)പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കൽ- പിഴ ഈടാക്കാത്തത് -ഓഡിറ്റ് നിർദേശാനുസരണം പിഴ ഈടാക്കി</u>

ചുവടെപ്പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണകാലാവധി ദീർഘിപ്പിച്ചുനൽകിയപ്പോൾ പി.ഡബ്ളിയു.ഡി. മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവർത്തിയുടെ പേര് | കള്ളിക്കാട് മഠം പനവിള റോഡ് സെക്കന്റ് മെറ്റലിംഗ് & ടാറിംഗ്. |
| കരാറുകാരൻ | വി. ശശികുമാർ |
| അളവ് പുസ്തകം | 205/18-19 |
| ബിൽ നമ്പർ | 40/11-03-2019 |
| പ്രവർത്തി സ്ഥലം കൈമാറിയ തീയതി | 31-07-2018 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | 30-11-2018 |
| പൂർത്തീകരിച്ച തീയതി | 12-02-2019 |
| പി.എ.സി. മൂല്യനിർണ്ണയം | 4,27,892/- |
| ഈടാക്കേണ്ട പിഴ (പി.എ.സി. യുടെ 1%) | 4,279/- |

പ്രസ്തുത തുക കരാറുകാരനിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടണമെന്ന ഓഡിറ്റ് നിർദേശാനുസരണം (അന്വേഷണം നമ്പർ 13 തീയതി 16-03-2020) ഓഡിറ്റ് വേളയിൽത്തന്നെ തുകഒടുക്കുവരുത്തി. (പഞ്ചായത്ത് രസീത് നമ്പർ A 4763445 തീയതി 17-03-2020).

## <u>ഭാഗം -2</u>

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 ഇല്ല

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ഇല്ല

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19-07-2019 - 20-07-2019 | കെ.എസ്.എ.റ്റി.വി.എം./ജി.പി.7/1464/19 തീയതി 17.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ബ്ലോക്ക് പഞ്ചായത്ത്

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 255000<br>42500 | കേദാരം നെൽകൃഷി (52/18-19) | 297500 | 0 |
| | | 27000 | ജൈവസമൃദ്ധി (58/18-19) | 27000 | |
| | | 216000 | കിണർ റീ ചാർജിംഗ്- ജനറൽ (117/18-19) | 36000 | 180000 |

| | | | | | |
|---|---|---|---|---|---|
| | | 80000 | കിണർ റീചാർജ്ജിംഗ് എസ്.സി (121/18-19) | 3200 | 76800 |
| | | 200000 | പാലിയേറ്റീവ് കെയർ (02/18-19) | 200000 | 0 |
| | | 1121053<br>468975 | ലൈഫ് ഭവന പദ്ധതി (ജനറൽ) (23/18-19) | 1590028 | 0 |
| | | 349307<br>787859 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) (122/18-19) | 1137166 | |
| | | 100000 | അംഗൻവാടി പോഷകാഹാരം (04/18-19) | 100000 | |
| | | 50000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് (13/18-19) | 26300 | 23700 |
| | | 185250 | സ്നേഹസ്പർശം (14/18-19) | 185250 | 0 |
| | | 100000 | പാലിന് സബ്സിഡി (27/18-19) | 100000 | 0 |
| | | 150000 | ക്ഷീരസമൃദ്ധി (29/18-19) | 150000 | 0 |
| ആകെ | | 4132944 | | 3852444 | 280500 |

<u>ജില്ല പഞ്ചായത്ത്</u>

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 148750 | കേദാരം നെൽകൃഷി (52/18-19) | 148750 | 0 |
| | | 27000 | ജൈവസമൃദ്ധി (58/18-19) | 27000 | 0 |
| | | 54000 | കിണർ റീചാർജ്ജിംഗ് | 54000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | (117/18-19) | | |
| | | 4800 | കിണർ റീചാർജ്ജിംഗ് (121/18-19) | 4800 | 0 |
| | | 841539 | ലൈഫ് ഭവന പദ്ധതി (23/18-19) | 841539 | 133800 |
| | | 133800 | | | |
| | | 1080350 | ലൈഫ് ഭവനപദ്ധതി (122/18-19) | 1080350 | 0 |
| | | 185250 | സ് നേഹസ്പർശം (14/18-19) | 185250 | 0 |
| | | 60000 | പാലിന് സബ്സിഡി (27/18-19) | 60000 | 0 |
| | | 127500 | ക്ഷീരസമൃദ്ധി (29/18-19) | 127500 | 0 |
| | | 280000 | ഹരിതഭവനം (57/18-19) | 280000 | |
| | | 297500 | കേദാരം (55/18-19) | 297500 | |
| ആകെ | | 3240489 | | 3106689 | 133800 |

| | 17-18 B4 പ്രകാരം മുന്നിരിപ്പ് | 18-19 RP 31 പ്രകാരം | ആകെ | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് | 18-19 B4 പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് വിഹിതം | - | 3240489 | 3240489 | 3106689 | 133800 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 100275 | 4132944 | 4242219 | 3852444 | 380775 |
| | | 9000* | | 9000* | 280500 |

*സാക്ഷരത പ്രേരകിന് നൽകിയ തുക (പ്രോജക്ടിന് പുറത്ത്)

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | തൻവർഷം മുൻകൂർ നൽകിയ തുക | ചെലവ് | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (07/18-19) | 135250 (143276) | 0 | 143276 |
| കേരളാ വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (38/18-19) | 925134 | 925134 | 925134 |
| ടി | ടി (39/18-19) | 857000 | 0 | 857000 |
| ടി | ആയുർവേദ ആശുപത്രി കുടിവെള്ള കണക്ഷൻ (44/18-19) | 35000 (39700) | 0 | 35000 |
| ടി | കൃഷിഭവനിൽ കുടിവെള്ള കണക്ഷൻ (91/18-19) | 30000 (39500) | 0 | 30000 |

| ക്രമ നം | നിർവ്വഹണ ഏജൻസി | മുൻ ബാക്കി | തൻവർഷം നൽകിയ തുക | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് (മുൻവർഷങ്ങളിലെ പ്രോജക്ടുകൾക്ക്) | വിനിയോഗ സാക്ഷ്യപത്രം ലഭിക്കാൻ ബാക്കി (31.03.2019) |
|---|---|---|---|---|---|---|
| 1 | KSEB | 1346400 | 135250 | 1481650 | 318452 | 1163198 |
| 2 | KWA | 1741922 | 1847134 | 3589056 | 803134 | 2785922 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| ക്രമ നം | വായ്പയുടെ പേര്, ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | ലൈഫ് ഭവന പദ്ധതി | | 15869199 | 0 | | 15869199 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം, തീയതി |
|---|---|---|---|---|---|
| 1 | 2017-18 | ഖണ്ഡിക 2.5) | 1,250/- | ശ്രീ.എ.ഷാജഹാൻ, സെക്രട്ടറി | 11801010500026 തീ. 30.3.2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-10 | 2009-10 | 3.7.1 | പുളിയിക്കച്ചിറ കുടിവെള്ള പദ്ധതി | 11.05.2018ലെ ഓഡിറ്റ് അദാലത്ത് പ്രകാരം പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 9,10,04,300/-<br>(മുന്നിരിപ്പ് 1,48,22,737 രൂപ ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 8,10,79,568/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 10,08,694/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29-1 | 83560 | ശ്രീ. സലിംകുമാർ,<br>അസി.സെക്രട്ടറി ഇൻ ചാർജ് |
| 1-29-2 | 925134 | ശ്രീ. സി. അജിത്കുമാർ,<br>സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സലിംകുമാർ,<br>അസി.സെക്രട്ടറി-ഇൻ-ചാർജ് | സെക്രട്ടറി, പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് | |
| ശ്രീ.സി. അജിത്കുമാർ,<br>സെക്രട്ടറി | സെക്രട്ടറി, മണനൂർ ഗ്രാമപഞ്ചായത്ത് | |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 7/808/2018 തീയതി 11-05-2018 | 1 (ഖണ്ഡിക 3-9) | |
| 2004-05 | ടി തീയതി 23-07-2014 | 2 (ഖണ്ഡിക 3-6 എ,ബി) | |
| 2007-08 | ടി 11-05-2018 | 2 (ഖണ്ഡിക 3-7, 3-10) | |
| 2008-09 | ടി | 4 (ഖണ്ഡിക 3-1, 3-2, 3-7, 3-8) | |
| 2009-10 | | 2 (3-2, 3-6) | |
| 2010-11 | ടി | 5 (ഖണ്ഡിക 2-1, 3-4, 3-1, 3-6, 3-7) | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ ജി.പി7/1190/2018, 2.6.18 | 2 (ഖണ്ഡിക 2-1.2, 3-4) | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.7/1191/2018 തീ. 2-6-18 | 1 (3-7) | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ ജി.പി.7/955/2019 തീ. 14.6.2019 | 2 (3-4 ബി, 3-5) | |
| 2016-17 | ടി തീയതി 4.6.19 | 6 (2-1, 2-3, 2-4, 2-7, 3-2, 3-3) | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി. 7/328/19 തീയതി 12.11.19 | 23 (1-12, 2-1, 2-2, 2-4, 2-5, 2-8, 2-9, 2-10, 2-11, 2-12, 3-2, 3-3, 3-4, 3-5, 3-7, 3-8, 3-9, 3-10, 3-12, 3-16, 3-17, 3-18, 3-19) | |

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ മണമ്പൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 -ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

R.26.5.20